# മറക്കരുത് നമ്മോടുചെയ്ത ക്രൂരതകൾ!

* നാലര ലക്ഷം കോടി ആസ്തിയും, പ്രതിവർഷം പതിനായിരം കോടിയിലധികം ലാഭവും ഉണ്ടാക്കിയിരുന്ന ഇന്ത്യൻ ടെലികോം വകുപ്പിനെ, സ്വകാര്യ കമ്പനികളുടെ സമ്മർദ്ദത്തിനു വഴങ്ങി, കമ്പനിയാക്കി മാറ്റി.

* കമ്പനിയുടെ സാമ്പത്തിക ഭദ്രത സർക്കാർ ഉറപ്പ് വരുത്തുമെന്നും, കമ്പനിയെ സംരക്ഷിക്കുമെന്നും, രൂപീകരണ സമയത്ത് നൽകിയ ഉറപ്പുകളിൽ നിന്നും ബോധപൂർവ്വം പിന്മാറി.

* ടെലികോം രംഗത്ത് വൻ കുതിച്ചുചാട്ടത്തിന് തയ്യാറെടുത്ത് ബി. എസ്.എൻ.എൽ. മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ, സ്വകാര്യ കമ്പനികളുടെ സമ്മർദ്ദത്തിനു വഴങ്ങി അട്ടിമറിച്ച് കമ്പനിയെ പ്രതിസന്ധിയിലാക്കി.

* വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും, നക്സൽ ബാധിത പ്രദേശങ്ങളിലും, ഗ്രാമപ്രദേശങ്ങളിലും സർവ്വീസ് നൽകുന്നതിന്റെ ഭാഗമായി ബി.എസ്.എൻ.എൽ.ന് ഉണ്ടാകുന്ന നഷ്ടം നികത്താൻ നൽകിയിരുന്ന അക്സസ് ഡെഫിസിറ്റ് ചാർജ് (ADC) അട്ടിമറിച്ചു.

* ടെലികോം രംഗം കയ്യടക്കാൻ ബി.എസ്.എൻ.എൽ. ഉൾപ്പെടെയുള്ള ടെലികോം കമ്പനികളെ തകർക്കുവാനുള്ള റിലയൻസ് ജിയോയുടെ നിയമപരമല്ലാത്ത എല്ലാ പ്രവർത്തനങ്ങൾക്ക് കൂട്ടുനിന്നു.

* ഇന്ത്യൻ ടെലികോം രംഗത്ത് റിലയൻസ് ജിയോയ്ക്ക് ശക്തമായ വെല്ലുവിളി ഉയർത്തി പ്രവർത്തിക്കുന്ന ഏക കമ്പനിയായ ബി.എസ്.എൻ.എൽ.ന് ജിയോയുടെ സമ്മർദ്ദത്തിന് വഴങ്ങി 4ജി സ്പെക്ട്രം നിഷേധിക്കുന്നു.

* ബി.എസ്.എൻ.എൽ പ്രധാനപ്പെട്ട ആസ്തികളായ 66,000 ടവറുകളും, 8 ലക്ഷം കി.മീ ദൈർഘ്യമുള്ള ഫൈബറുകളും സ്വകാര്യ മേഖലയ്ക്ക് കൈമാറുവാൻ ശ്രമം നടത്തുന്നു.

* ബി.എസ്.എൻ.എൽ.ന്റെ കരുതൽ ധനമായ 40,000 കോടി രൂപ വിവിധ കാരണങ്ങളുടെ പേരിൽ കവർന്നെടുത്ത് കമ്പനിയെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിട്ടു.

* പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ.നെ ഒഴിവാക്കി, ഇന്ത്യാഗവൺമെന്റു സ്ഥാപനങ്ങളായ റെയിൽവേയുടെയും, എയർപോർട്ടു കളുടെ യും, മറ്റു സ്ഥാപനങ്ങളുടെയും, ടെലികോം സർവ്വീസ് നടത്തുന്നതി നുള്ള ചുമതല റിലയൻസിന് നൽകി.

* പെൻഷൻ കോൺട്രീബ്യൂഷന്റെ പേരിൽ നിലവിലുള്ള നിയമങ്ങളെ അട്ടിമറിച്ച് അധികം തുക ഈടാക്കി ബി.എസ്.എൻ.എൽ.ന്റെ സാമ്പത്തിക ഭദ്രത തകർത്തു.

* ബി.എസ്.എൻ.എൽ. ലെ നഷ്ടത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം ജീവനക്കാരുടെ തലയിൽ കെട്ടിവച്ച് ജീവനക്കാർക്ക് 1-1-2017 മുതൽ അർഹതപ്പെട്ട 3-ാം ശമ്പള പരിഷ്ക്കരണം നിഷേധിച്ചു.

* ബി.എസ്.എൻ.എൽ. ന്റെ ഓരോ വളർച്ചയിലും നിർണ്ണായക പങ്ക് വഹിച്ച, 30 വർഷത്തിലേറെക്കാലം ഈ സ്ഥാപനത്തിൽ പണിയെടുത്ത 54,000 ജീവനക്കാരെ പുറം തള്ളാൻ ശ്രമിക്കുന്നു.

* സ്ഥിരം ജീവനക്കാരോടൊപ്പം തന്നെ ഈ സ്ഥാപനത്തിന്റെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന കരാർ ജീവനക്കാർക്കും ശമ്പളം നിഷേധിക്കുന്നു, വ്യാപകമായി പിരിച്ചു വിടുന്നു.

* ഇന്ത്യൻ ഖജനാവിലേക്ക് വിവിധ രൂപങ്ങളിൽ പ്രതിവർഷം 3, 85, 579 കോടി രൂപ നൽകുന്ന ഇന്ത്യയുടെ സമ്പത്തായ പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റുതുലയ്ക്കുന്നു.

* തലതിരിഞ്ഞ സാമ്പത്തിക നയം. ഇന്ത്യൻ രൂപയുടെ വില റിക്കാർഡ് താഴ്ചയിൽ എത്തി. ഏഷ്യാ ഭൂഖണ്ഡത്തിൽ ഏറ്റവും വിലയിടവ് ഇന്ത്യൻ കറൻസിയ്ക്ക്.

* നോട്ടു നിരോധനം എന്ന നാടകം നടത്തി ജനങ്ങളെ ദുരിതത്തിലാക്കി. ജി.ഡി.പി.യിൽ 3 ലക്ഷം കോടി രൂപയുടെ നഷ്ടം. പുതിയ നോട്ട് പ്രിന്റ് ചെയ്യുവാൻ ചെലവ് 21,000 കോടി. ഇനിയും തിരിച്ചു വരാത്ത കറൻസി വെറും 10,720 കോടി. ഇതിന്റെ ഭാഗമായി ഉണ്ടായ തൊഴിൽ നഷ്ടം 50 ലക്ഷം.

* പെട്രോൾ ഡീസൽ വില ആഗോള വിപണിയിൽ കുറയുമ്പോൾ ഇന്ത്യയിൽ റെക്കോർഡ് വില.

* പ്രതിവർഷം 2 കോടി തൊഴിൽ വാഗ്ദാനം പൂർണ്ണമായി നിഷേധിച്ചു. പുതിയ തൊഴിൽ അവസരങ്ങൽ സൃഷ്ടിച്ചില്ല. ഉള്ള തൊഴിലും നഷ്ടപ്പെട്ടു.

* അഞ്ചുവർഷ കാലയളവിൽ രാജ്യത്തെ പൊതുമേഖലാ ബാങ്കുകൾ എഴുതി തള്ളഇയ കിട്ടാക്കടം 5,55, 603 കോടി രൂപ. കിട്ടാക്കടത്തിന്റെ നല്ലൊരു പങ്കും വിൻകിട കോർപ്പറേറ്റുകളുടെത്.

* മാറി മാറി മുന്നണികൾ ഭരിച്ചതിന്റെ ഫലമായി ആകെ ആഭ്യന്തര സമ്പത്തിന്റെ 73% ഒരു ശതമാനം വരുന്ന സമ്പന്നരുടെ കൈകളിൽ.

* ഇന്ത്യയുടെ മതനിരപേക്ഷത തകർത്ത് രാജ്യത്താകെ വർഗ്ഗീയ ധ്രുവീകരണം ഉണ്ടാക്കുവാൻ ആസൂത്രിതമായ ശ്രമങ്ങൾ.

**രാജ്യത്തെ, പൊതുമേഖലയെ, ബി.എസ്.എൻ.എൽ.നെ തകർക്കുന്ന ഈ നടപടികൾ തുടരണോ ?**

**ചിന്തിക്കൂ! പ്രതികരിക്കൂ!**

**ബി.എസ്.എൻ.എൽ.ഇ.യു., കേരള സർക്കിൾ**